**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5205

15.11.2019 ൽ മറുപടിയ്ക്ക്

**പട്ടിമറ്റം, മഴുവന്നൂർ പഞ്ചായത്തുകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ :** | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) |
| ജനസംഖ്യാടിസ്ഥാനത്തിൽ കുന്നത്തുനാട്, മഴുവന്നൂർ പഞ്ചായത്തുകൾ വിഭജിച്ച് പട്ടിമറ്റം, മഴുവന്നൂർ കേന്ദ്രമാക്കി പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ? | ചുവടെ പറയുന്ന കാരണങ്ങൾ പരിഗണിച്ച് സംസ്ഥാനത്ത് ഇപ്പോൾ പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>1. കൂടുതൽ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കുന്നതുകൊണ്ട് വലിയ സാമ്പത്തിക ബാധ്യത സർക്കാരിനുണ്ടാകും. അത്രയും ബാധ്യത സർക്കാരിന് ഇപ്പോൾ ഏറ്റെടുക്കാൻ കഴിയില്ല.<br>2. 2020 ഒക്ടോബർ മാസത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. തെരഞ്ഞെടുപ്പിന് ഒരു വർഷം പോലും അവശേഷിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് വിഭജനവും വാർഡ് വിഭജനവും വോട്ടർ പട്ടിക തയ്യാറാക്കലും ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നത് പ്രായോഗികമായി പ്രയാസമുള്ളതാണ്.<br>3. 2021 ലെ സെൻസസിന്റെ ആവശ്യത്തിലേക്ക് 31.12.2019 -ാം തീയതി ഭരണപ്രദേശങ്ങളുടെ അതിരുകൾ ഫ്രീസ് ചെയ്യുമെന്ന് സെൻസസ് വിഭാഗം അറിയിച്ച സാഹചര്യത്തിൽ അവശേഷിക്കുന്ന സമയത്തിനുള്ളിൽ പഞ്ചായത്ത് വിഭജനം പ്രായോഗികമല്ല. |

**സെക്ഷൻ ഓഫീസർ**